(ബി) ഉണ്ടെങ്കിൽ എതു മാനദണ്ഡമനുസരിച്ചാണ് അങ്ങിനെ ചെയ്തിട്ടുള്ളതു;

(സി) ഇല്ലെങ്കിൽ ആയതു എന്നത്തേക്കു പൂർത്തിയാകും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) കൊച്ചി വിഭാഗത്തിലെ ഭൂനികുതി ഉടനെ കുറവുവരുത്തുന്നതാണെന്നു റവന്യൂമന്ത്രി കഴിഞ്ഞ അസംബ്ലിയിൽ ഉറപ്പുപറഞ്ഞിട്ടില്ല. ഭൂനയക്കമ്മിറ്റിയുടെ റിപ്പോർട്ടുകിട്ടിയതിനുശേഷം ആ കാര്യത്തെപ്പറ്റി തീരുമാനമുണ്ടാക്കാമെന്നാണ് പറഞ്ഞിട്ടുള്ളതു. കമ്മിറ്റിയുടെ റിപ്പോർട്ട് ഇതേവരെ കിട്ടിയിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. വി കെ. ജോസഫ്: കാർഷികാദായനികുതി ബില്ലിന്റെ ചർച്ചാവേളയിൽ ഈ നികുതി കുറവുചെയ്യാമെന്നു ബഹു. മന്ത്രി പറഞ്ഞിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ: എന്നു പറഞ്ഞിട്ടില്ല.

ശ്രീ. കെ. കരുണാകരൻ: ഇതിനെപ്പറ്റി ആലോചിക്കാമെന്നു ബഹു മന്ത്രി പറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: എന്നു പറഞ്ഞിട്ടുണ്ടു. അതിലേക്കാണ് ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുള്ളതു.

ശ്രീ. ഇട്ടീര അമ്മുക്കൻ: ഭൂനികുതിയിനത്തിൽ കൊച്ചിയിൽനിന്നു എന്തു വരവുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: ഏ ഒ ലക്ഷത്തോളം രൂപാ.

ശ്രീ. ഇട്ടീര അമ്മുക്കൻ: തിരുവിതാംകൂറിൽനിന്നു എന്തു വരവുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: ന വു ലക്ഷത്തോളം രൂപാ.

ശ്രീ. ഇട്ടീര അമ്മുക്കൻ: കൊച്ചിയെക്കാൾ നാലിരട്ടി വരേണ്ട തിരുവിതാംകൂറിനു് ഇരുപതു സംഖ്യയേ വരാനുള്ളോ?

Mr. Speaker: That is an argument leading to a discussion.

തിരുവിതാംകൂർ-കൊച്ചി സെക്രട്ടേറിയേറ്റ് സർവ്വീസിന്റെ സംയോജനം

*ന ഒ ൭. (൯) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ-കൊച്ചി സെക്രട്ടറിയേറ്റ് സർവ്വീസിന്റെ സംയോജനം നടന്നുകഴിഞ്ഞുവോ; ഇല്ലെങ്കിൽ അതിനുള്ള പ്രതിബന്ധമെന്താണു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഈ ചോദ്യത്തിനു് ഇതിനുമുൻപുതന്നെ ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി

*ന ഒ വ്യ. (൧൦) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

കഴിഞ്ഞ ആറുമാസങ്ങൾക്കുള്ളിൽ ഏതെല്ലാം ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തെല്ലാം കുറ്റങ്ങൾക്കു് നടപടി നടത്തിയിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഇതിന്റെ വിശദാംശങ്ങൾ ലഭിച്ചുകഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly